**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2547** **12-12-2022 - ൽ മറുപടിയ്ക്ക്**

**മുനിസിപ്പൽ കോമൺ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം അറിയിക്കുമോ; | (എ) | 2019 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് പ്രകാരം 1994-ലെ മുനിസിപ്പാലിറ്റി നിയമത്തിലെ 222-ാം വകുപ്പ് ഭേദഗതി വരുത്തി ഉപവകുപ്പ് 1 ചേർത്തിട്ടുണ്ട്. അതിൻ പ്രകാരം കണ്ടിജന്റ് ജീവനക്കാർ ഒഴികെ, ഒരു മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതാണെന്നും (1 ബി) പ്രകാരം 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്ട് പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരംതിരിവ്, നിയമന സമ്പ്രദായങ്ങൾ, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ സർക്കാർ നിയന്ത്രിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക എക്സിക്യൂട്ടീവ് ഉത്തരവിന്റെ ആവശ്യമില്ല.<br><br>കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് 2019 പ്രകാരം കണ്ടിജന്റ് ജീവനക്കാർ ഒഴികെ, മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതിന് പ്രാബല്യം 06.03.2019 മുതലാണ്. മുനിസിപ്പാലിറ്റി സർവ്വീസും സർക്കാർ സർവ്വീസും രണ്ട് വ്യത്യസ്ത സർവ്വീസായതിനാൽ 06.03.2019 ന് മുമ്പുള്ള സർവ്വീസ് സർക്കാർ സർവ്വീസിലേക്ക് carry over ചെയ്യുവാൻ സാധിക്കുകയില്ല. |
| (ബി) | പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ; | (ബി) | 2019 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് പ്രകാരം 1994-ലെ മുനിസിപ്പാലിറ്റി നിയമത്തിലെ 222-ാം വകുപ്പ് ഭേദഗതി വരുത്തി ഉപവകുപ്പ് 1 ചേർത്തിട്ടുണ്ട്. അതിൻ പ്രകാരം കണ്ടിജന്റ് ജീവനക്കാർ ഒഴികെ, ഒരു മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതാണെന്നും (1 ബി) പ്രകാരം 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്ട് പ്രകാരം |

| | | | |
|---|---|---|---|
| | | | ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരംതിരിവ്, നിയമന സമ്പ്രദായങ്ങൾ, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ സർക്കാർ നിയന്ത്രിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക എക്സിക്യൂട്ടീവ് ഉത്തരവിന്റെ ആവശ്യമില്ല.<br><br>കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് 2019 പ്രകാരം കണ്ടിജന്റ് ജീവനക്കാർ ഒഴികെ, മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതിന് പ്രാബല്യം 06.03.2019 മുതലാണ്. മുനിസിപ്പാലിറ്റി സർവ്വീസും സർക്കാർ സർവ്വീസും രണ്ട് വ്യത്യസ്ത സർവ്വീസായതിനാൽ 06.03.2019 ന് മുമ്പുള്ള സർവ്വീസ് സർക്കാർ സർവ്വീസിലേക്ക് carry over ചെയ്യുവാൻ സാധിക്കുകയില്ല. |
| (സി) | പ്രസ്തുത വിജ്ഞാപനപ്രകാരം കേരള സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന തസ്തികകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ? | (സി) | ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുന്ന മുനിസിപ്പൽ കോമൺ സർവ്വീസിലെ തസ്തികകൾ ചുവടെ ചേർക്കുന്നു.<br><br>ഡെപ്യൂട്ടി സെക്രട്ടറി<br><br>പേഴ്സണൽ അസിസ്റ്റന്റ്/റവന്യൂ ഓഫീസർ/ കൗൺസിൽ സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ<br><br>ലൈബ്രേറിയൻ ഗ്രേഡ് I<br><br>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്<br><br>ഹെൽത്ത് ഓഫീസർ ഗ്രേഡ് I<br><br>ഹെൽത്ത് ഓഫീസർ ഗ്രേഡ് II<br><br>ഹെൽത്ത് ഓഫീസർ ഗ്രേഡ് III<br><br>മെഡിക്കൽ ഓഫീസർ<br><br>ഹെൽത്ത് സൂപ്പർവൈസർ |

സെക്ഷൻ ഓഫീസർ